ഉത്തരം

(എ) രണ്ടായിരം ജനുവരിയിൽ മുഖവില 800 രൂപ.

(ബി) ഉണ്ട്.

(സി) ആധികാരികമായ അന്വേഷണങ്ങൾക്കും പഠനത്തിനും ശേഷമാണ് ഇത്തരമൊരു വാക്യം ആമുഖക്കുറിപ്പിൽ കൊടുത്തത്.

(ഡി) എത്ര തെറ്റുകളുണ്ടെന്ന് അന്വേഷിച്ചിട്ടില്ല.

(ഇ) കാശ്മീരിൽ.

(എഫ്) സിയാവുൾഹക്കിന്റെ.

(ജി) ഒറീസയിൽ.

(എച്ച്) 2,22,736 ച. കിലോമീറ്റർ.

(ഐ) ഈ പുസ്തകത്തിന്റെ നിർമ്മാണ ചുമതലയുള്ള ആ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള സീനിയർ അസി.എഡിറ്റർ ആർ. ഗോപാലകൃഷ്ണൻ നായരാണ് ഉത്തരവാദി.

സംരക്ഷിതസ്മാരകങ്ങൾ സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയ നടപടി

165 (929) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള എന്തെങ്കിലും സംരക്ഷിത സ്മാരകം ഏതെങ്കിലും സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ പിന്നിൽ ഗൂഢാലോചനയും അഴിമതിയും നടത്തിയിട്ടുള്ളതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ ;

(സി) ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം ഉൾപ്പെടെ ഏതെങ്കിലും അന്വേഷണം ഏർപ്പെടുത്തുകയോ കേസ് എടുക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ ഗൂഢാലോചനയുടെ പിന്നിലെ എല്ലാ ഉദ്യോഗസ്ഥന്മാരെയും മറ്റുള്ളവരേയും വെളിച്ചത്തുകൊണ്ടുവരികയും ശിക്ഷിക്കുകയും ചെയ്യുമോ ;

(ഇ) ഈ സംരക്ഷിത സ്മാരകം കയ്യേറാൻ മുൻക്കാലത്തും ശ്രമം നടന്നിരുന്നതായി സർക്കാരിന് അറിയുമോ ;

(എഫ്) ഇതിന്റെ സംരക്ഷണത്തിന് സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരം ജില്ലയിലെ മടവൂർപാറ ഗുഹാക്ഷേത്രം, പാണ്ഡവൻ പാറ എന്നീ സ്ഥലങ്ങൾ അനധികൃതമായി പതിച്ചു നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്വേഷണം നടന്നു വരികയാണ്. പാണ്ഡവൻ പാറയിലെ കൈയേറ്റം കോടതിയുടെ പരിഗണനയിലാണ്.

(സി) ഉണ്ട്. മടവൂർ പാറയുടെ കാര്യത്തിൽ സർക്കാർ തലത്തിലും വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(ഡി) അന്വേഷണം നടന്നുവരുന്നു. റിപ്പോർട്ടു ലഭ്യമാകുമ്പോൾ കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈയേറ്റം നടന്നു എന്ന് അറിവു ലഭിച്ചാലുടനെ തന്നെ അവ ഒഴിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാറുണ്ട്.

(എഫ്) സംരക്ഷിതപ്രദേശം സാധാരണ റവന്യൂ പുറംപോക്കായിട്ടാണ് സർവ്വേ റിക്കോർഡുകളിൽ കാണുന്നത്. ഇത് പതിച്ചുനൽകുന്നതിന് ഇടയാകുന്നു. ഇതു പുരാവസ്തു വകുപ്പിന്റെ പേരിലേക്ക് മാറ്റുവാനും രേഖകളിൽ വേണ്ട മാറ്റം വരുത്തുവാനും 2001-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത ജില്ലാ കളക്ടർമാരുടെയും വകുപ്പദ്ധ്യക്ഷൻമാരുടെയും മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാകുമ്പോൾ സ്ഥലം പതിച്ചുകൊടുക്കാൻ റവന്യൂ അധികാരികൾക്ക് അസാദ്ധ്യമായിത്തീരും.

എൻ. ബി. എസ്. ഗ്രന്ഥശാലാ സംഘത്തിന് നൽകിയ പുസ്തകങ്ങൾ

166 (931) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ബി. എസ്. കേരള ഗ്രന്ഥശാലാ സംഘത്തിന് 1998-99 കാലഘട്ടത്തിൽ എത്ര രൂപയുടെ പുസ്തകങ്ങളാണ് നൽകിയിട്ടുള്ളത് ;

(ബി) എൻ. ബി. എസ്. നേരിട്ട് കേരള ഗ്രന്ഥശാലാ സംഘത്തിന് പുസ്തകം നൽകുകയായിരുന്നോ ; അതോ ഗ്രന്ഥശാലാ സംഘം നിർദ്ദേശിച്ച വായനശാലകൾക്ക് പുസ്തകം നൽകുകയായിരുന്നോ ; വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഇപ്രകാരം ഏതെല്ലാം വായനശാലകൾക്ക് എത്ര രൂപയുടെ പുസ്തകം നൽകിയിട്ടുണ്ടെന്നും ആരുടെയെല്ലാം കൃതികളാണ് നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ ;

(ഡി) ഈ പുസ്തകങ്ങളുടെ പണം നൽകിയത് ആരാണ് ; മൊത്തം എത്ര രൂപയാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly